**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1347** **07-02-2023 - ൽ മറുപടിയ്ക്ക്**

**വേ-സൈഡ് പാർക്കിന്റെ പരിപാലന ചുമതല**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ നിയോജക മണ്ഡലത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിൽ തൈക്കാട്ടുശ്ശേരി പാലത്തിന് സമീപം സ്ഥിതി ചെയ്യുന്ന വേ-സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | **ടി പാർക്കിന്റെ പരിപാലന ചുമതല നിലവിൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനാണ് നല്കിയിട്ടുള്ളത്.** |
| (ബി) | പാർക്കിന്റെ പരിപാലനം ഏജൻസിയെ ഏൽപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ ക്ഷണിച്ച ടെൻഡറിൽ ആരെല്ലാം പങ്കെടുത്തുവെന്ന് വിശദമാക്കാമോ; ടെൻഡർ നടപടിയുടെ പൂർണ്ണവിവരം വ്യക്തമാക്കാമോ; | (ബി) | **അമിനിറ്റി സെന്റർ നടത്തിപ്പിനായി ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി. ടി. പി. സി.) 01.012.2022-ൽ പത്രപരസ്യം വഴി താൽപര്യപത്രം ക്ഷണിച്ചിരുന്നതിൽ, താഴെപ്പറയുന്നവർ താല്പര്യപത്രം സമർപ്പിച്ചിട്ടുണ്ട്.**<br><br>**1. തീരം ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എ. 1174, പി കെ എം എം ബിൽഡിങ്, വാടയ്ക്കൽ പി. ഒ., ആലപ്പുഴ**<br><br>**2. ശ്രീ. സച്ചിൻ കെ. എസ്., കോഞ്ചേരി വെളി, മായിത്തറ, ചേർത്തല, ആലപ്പുഴ**<br><br>**3. ശ്രീ. ദേവദേവ് കെ. എസ്., കരുവേലി തയ്യിൽ ഹൗസ്, മായിത്തറ പി.ഒ, ചാരമംഗലം, ചേർത്തല, ആലപ്പുഴ.**<br><br>**താത്പര്യ പത്രം പ്രകാരം ലഭിച്ച അപേക്ഷയിൽ സാങ്കേതിക ബിഡിൽ ആർക്കും തന്നെ മതിയായ യോഗ്യതയില്ലാത്തതിനാൽ ആലപ്പുഴ ഡി.ടി.പി.സി സെക്രട്ടറി റീടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.** |
| (സി) | ഉദ്ഘാടനത്തിന് ശേഷം നാളിതുവരെ ടൂറിസം വകുപ്പിന് പാർക്കിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവായി എന്നും ആയതിന്റെ ഇനം തിരിച്ചുള്ള വിശദാംശവും വ്യക്തമാക്കാമോ; | (സി) | **പാർക്കിന്റെ പരിപാലനത്തിനായി വിനോദ സഞ്ചാര വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.**<br><br>**എന്നാൽ പാർക്കിന്റെ ശുചീകരണം, പരിപാലനം (14,000/- രൂപ), വൈദ്യുതി ചാർജ് (25,975/- രൂപ) എന്നിവയ്ക്കായി** |

| | | | |
|---|---|---|---|
| | | | **ആലപ്പുഴ ഡി. ടി. പി. സി. 39,975/- രൂപ ചെലവഴിച്ചിട്ടുണ്ട്.** |
| (ഡി) | പ്രസ്തുത പാർക്കിൽ നിർമ്മാണ പ്രവർത്തനം നടത്തിയ ഏജൻസി ഏതാണെന്നും ചെലവായ തുക എത്രയാണെന്നും വിശദമാക്കാമോ; | (ഡി) | **കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി (KEL), കൊച്ചി ആണ് പാർക്കിന്റെ നിർമ്മാണം നിർവഹിച്ചത്. എന്നാൽ ഏജൻസി ഇതുവരെ അന്തിമ ബിൽ സമർപ്പിച്ചിട്ടില്ല.** |
| (ഇ) | പാർക്കിനോടനുബന്ധിച്ച് റോഡിനോട് ചേർന്ന് നടപ്പാത ഇല്ലാത്തത് അപകടങ്ങൾക്ക് കാരണമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (ഇ) | **ശ്രദ്ധയിൽപ്പെട്ടിട്ടില്ല** |

സെക്ഷൻ ഓഫീസർ